1. മരപ്പണിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉപകരണങ്ങളിൽ ഏറ്റവും അനുയോജ്യമായത് ഏത് ?
   A) ആൻവിൽ B) റാസ്പ് ഫയൽ C) ഷവൽ D) സ്പാനർ

2. താഴെപ്പറയുന്നവയിൽ സ്വയം സംരക്ഷിത കവചം വിഭാഗത്തിൽപ്പെടുന്നത് ?
   A) മെഷീൻ ഗാർഡ് B) ഫയർ ഇക്സ്റ്റിങ്ഗ്വിഷർ
   C) ഹെൽമെറ്റ് D) ഇതൊന്നുമല്ല

3. വൃക്ഷത്തിന്റെ വളർച്ചയെ സൂചിപ്പിക്കുന്ന ഛേദതല ഘടകം.
   A) കാമ്പിയം ലയർ B) കാമ്പ്
   C) ആനുവൽ റിങ്ങ്സ് D) ബാർക്ക്

4. തടിയിലുണ്ടാകുന്ന ഒരു കീട ബാധയാണ്
   A) പിൻ ഹോൾ ബോർ B) സ്പ്രിംഗ്
   C) ക്രാക്ക് D) ഷേക്ക്

5. ഒരു 6 mm ഘനമുള്ള പ്ലൈവുഡിൽ എത്ര പ്ലൈ ഉണ്ടാകും ?
   A) 6 B) 3 C) 4 D) 7

6. സർവ്വസാധാരണമായി ഉപയോഗിക്കുന്ന വിജാഗിരിയേത് ?
   A) ബട്ട് ഹിൻജ് B) സ്ട്രാപ്പ് ഹിൻജ്
   C) പിവട്ട് ഹിൻജ് D) സ്പ്രിംഗ് ഹിൻജ്

7. മരയാണി നിർമ്മിക്കുന്നത് __________ കൊണ്ടാണ്.
   A) കാർബൺ സ്റ്റീൽ B) മൈൽഡ് സ്റ്റീൽ
   C) സ്റ്റൈയിൻലെസ്സ് സ്റ്റീൽ D) ഹൈസ്പീഡ് സ്റ്റീൽ

8. ബോൾട്ടുകളെ തരം തിരിക്കുന്നത് അവയുടെ __________ ഭാഗത്തെ ആശ്രയിച്ചാണ്.
   A) ഹെഡ്ഡ് B) ടൈൽ C) ഷാങ്ക് D) പോയിന്റ്

9. കെട്ടിട നിർമ്മാണത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം ഏതിനാണ് ?
   A) ഫൌണ്ടേഷൻ B) സബ് സ്ട്രക്ചർ
   C) സൂപ്പർ സ്ട്രക്ചർ D) പ്ലിന്ത്

10. വാഷറുകൾ നിർമ്മിക്കുന്ന പ്രക്രിയയാണ്
    A) ഡ്രില്ലിംഗ് B) ബോറിംഗ് C) ബ്ലാങ്കിങ് D) സെറ്റിങ്

11. ഡോർ നിർമ്മാണരീതിയുടെ മാതൃകയിൽ നിർമ്മിക്കുന്ന ജനലിന്റെ പേര് എന്താണ് ?

A) കോർണർ വിൻഡോ
B) പിവേറ്റഡ് വിൻഡോ
C) സ്ലൈഡിങ് വിൻഡോ
D) കേസ്മെന്റ് വിൻഡോ

12. പാനൽ ഡോറിന്റെ വെർട്ടിക്കൽ ഭാഗത്തിന് അറിയപ്പെടുന്ന പേര് ?

A) സ്റ്റൈൽസ്
B) റെയിൽ
C) മുള്ളിയൻസ്
D) പാനൽ

13. നട്ട് മുറുക്കുവാൻ ഉപയോഗിക്കുന്ന ഉപകരണമാണിത്.

A) സ്ക്രൂ ഡ്രൈവർ
B) കാലിപ്പർ
C) ബ്രെഡാൾ
D) സ്പാനർ

14. ഏത് തരത്തിലുള്ള വിൻഡോയാണ് സ്ലോപ്പിംഗ് റൂഫിൽ സാധാരണയായി സ്ഥാപിക്കുന്നത് ?

A) ഡോർമെർ വിൻഡോ
B) ബേ വിൻഡോ
C) വെന്റിലേറ്റർ
D) സ്ലൈഡിങ് വിൻഡോ

15. ചരിഞ്ഞ രണ്ട് മേൽക്കൂരകൾ കൂടിച്ചേരുന്ന കോണിന് പറയുന്ന പേര് ?

A) പിച്ച്
B) ഹിപ്പ്
C) വാലി
D) സ്പാൻ

16. കോണിപ്പടികളിലെ രണ്ടു ഫ്ളൈറ്റുകൾക്കിടയിലുള്ള തിരശ്ചീനതലത്തെ ഏത് പേരിലറിയപ്പെടുന്നു ?

A) ഫ്ലൈറ്റ്
B) സ്റ്റെപ്പ്
C) ലാൻഡിംഗ്
D) റൈയ്സർ

17. രണ്ടഗ്രങ്ങളിലും ത്രെഡ് ചെയ്തിട്ടുള്ള തരത്തിലുള്ള ബോൾട്ട് ഏത് ?

A) സ്റ്റഡ് ബോൾട്ട്
B) മെഷീൻ ബോൾട്ട്
C) ആങ്കേഴ്സ്
D) ലാഗ് സ്ക്രൂസ്

18. താഴെപ്പറയുന്നവയിൽ വ്യക്തിഗത സംരക്ഷണ ഉപകരണത്തിൽപ്പെടുന്നതേത് ?

A) ഗോഗിൾസ്
B) ഫസ്റ്റ് എയിഡ് ബോക്സ്
C) തെർമോമീറ്റർ
D) സൈൻ ബോർഡ്

19. തടി ഉപയോഗ യോഗ്യമായ രീതിയിൽ പരുവപ്പെടുത്തിയെടുക്കുന്ന രീതിയാണ്

A) ഹീറ്റിംഗ്
B) സീസണിംഗ്
C) ഹാർഡനിംഗ്
D) ഷാർപെനിംഗ്

20. അമിത സൂര്യപ്രകാശവും കാറ്റും മൂലം തടിയിലുണ്ടാകുന്ന കേടുപാടാണ്

A) നോട്ട്സ്
B) സ്പൈറൽ ഗ്രൈൻ
C) കപ്പിംഗ്
D) വിൻഡ് ക്രാക്സ്

21. പ്ലൈവുഡ് പാളികളെ പൊതുവെ അറിയപ്പെടുന്ന പേര്.

A) വെനീർ B) ചീക്ക് C) ബാർക്ക് D) ലെയർ

22. കിംഗ് പോസ്റ്റ് എന്നത്

A) തടിയിൽ നിർമ്മിച്ചിട്ടുള്ള മേൽക്കൂരയുടെ മദ്ധ്യഭാഗത്തിലുള്ള പോസ്റ്റ്

B) ഒരു തരം പാനൽ

C) അലൂമിനിയം ചാനൽ

D) മരത്തിനെ തിരിച്ചറിയാൻ ഉപയോഗിക്കുന്ന അളവുകോൽ

23. നട്ടോ ബോൾട്ടോ അയഞ്ഞു പോകാതെ യഥാസ്ഥാനത്തു ഉറച്ചുനിർത്തുവാൻ ഇത് സഹായിക്കുന്നു.

A) സെറ്റ് സ്ക്രൂ B) ഫാസ്നർ

C) ലോക്ക് വാഷർ D) മോർട്ടിസ് ലോക്ക്

24. ഒരു മരത്തിന്റെ പരിഛേദത്തിൽ ഏറ്റവും ഉള്ളിലായി കാണപ്പെടുന്ന ഭാഗം.

A) ബാർക്ക് B) പിത്ത് C) കാമ്പിയം ലയർ D) സാപ്പ് വുഡ്

25. താഴെപ്പറയുന്നവയിൽ തടിയുടെ അളവുമായി ബന്ധപ്പെട്ടത്

A) ചതുരശ്ര മീറ്റർ B) കിലോഗ്രാം C) ക്യുബിക് മീറ്റർ D) ലിറ്റർ

26. ഹാർഡ് വുഡിനും ബാർക്കിനും ഇടയിലുള്ള മരത്തിന്റെ ഭാഗം.

A) മെഡുലറി റെയ്സ് B) സാപ്പ് വുഡ്

C) കാമ്പിയം ലെയർ D) ആനുവൽ റിംഗ്സ്

27. പൊതുവെ എല്ലാത്തരം കെട്ടിടങ്ങൾക്കും വ്യാപകമായി നൽകുന്ന ഡോർ ഏതാണ് ?

A) പാനൽ ഡോർ B) സാഷ് ഡോർ

C) ഫ്ലഷ് ഡോർ D) സ്ലൈഡിങ്ങ് ഡോർ

28. ഒരു സ്ക്രൂവിന്റെ പോയിൻഡഡ് എൻഡിന് പറയുന്ന പേര്.

A) നട്ട് B) വാഷർ

C) ജിംലെറ്റ് പോയിന്റ് D) സ്റ്റാർ പോയിന്റ്

29. പിച്ച്ഡ് റൂഫിൽ ചരിഞ്ഞ ഭാഗത്ത് സാധാരണയായി നൽകാവുന്ന വിൻഡോ ഏതാണ് ?

A) ഗാബിൾ വിൻഡോ B) ഡോർമെർ വിൻഡോ

C) കോർണർ വിൻഡോ D) സ്കൈലൈറ്റ് വിൻഡോ

30. നനവും ഈർപ്പവും മൂലം തടിയിലുണ്ടാകുന്ന രോഗബാധയാണ് ?

A) വെറ്റ് റോട്ട് B) ഡാമ്പിനെസ്സ് C) ഡ്രൈ റോട്ട് D) ഷേക്ക്

31. ഒരു പണിശാലയിലെ പ്രഥമ ശുശ്രൂഷയുമായി ബന്ധപ്പെട്ട് ABC എന്നത് സൂചിപ്പിക്കുന്നത്

A) എയർവേ, ബ്രീത്തിങ്, കോഷൻ

B) അറ്റെൻഷൻ, ബ്ലഡ് പ്രഷർ, ക്യൂർ

C) എയർവേ, ബ്രീത്തിങ്, സർക്കുലേഷൻ

D) ഇവയൊന്നുമല്ല

32. മരങ്ങളെ പ്രധാനമായും തരം തിരിക്കുന്നത് അവയുടെ __________ നെ അടിസ്ഥാനപ്പെടുത്തിയാണ്.

A) ഗ്രോത്ത് B) ഗ്രേയ്ൻ C) നിറം D) മണം

33. താഴെപ്പറയുന്നതിൽ തടി സീസണിംഗിൽ ഏറ്റവും വേഗമേറിയ പ്രക്രിയ ഏതാണ് ?

A) കിൻ സീസണിങ്

B) വാട്ടർ സീസണിങ്

C) എയർ സീസണിങ്

D) കോട്ടിംഗ്

34. പ്ലൈവുഡ് നിർമ്മാണത്തിൽ താഴെപ്പറയുന്നവയിൽ യോജിച്ച ഘടകം ഏതാണ് ?

A) ഡ്രില്ലിങ് B) ഗ്ലൂയിങ് C) ലെവലിംഗ് D) പഞ്ചിങ്

35. ചുവടെ പറഞ്ഞിരിക്കുന്ന ടിംബറുകളിൽ ഏതാണ് ഡ്രായിങ് ബോർഡുകൾ നിർമ്മിക്കുന്നതിന് അഭികാമ്യം ?

A) തേക്ക് വുഡ് B) മഹാഗണി C) കെയിൻ D) ബാംബു

36. താഴെപ്പറയുന്നവയിൽ വുഡ് പ്രിസർവേറ്റീവായി ഉപയോഗിക്കുന്നത് ഏത് ?

A) കോൾട്ടാർ B) സാൻഡ് C) പോളിമർ D) ഗ്രാഫൈറ്റ്

37. ഗ്ലാസ് കൊണ്ട് നിർമ്മിച്ച പ്രത്യേകതരം ഡോർ ഫ്രെയിമിന് പറയുന്ന പേര് ?

A) മുള്ളിയൻ B) ഷട്ടർ C) സാഷ് D) സിൽ

38. താഴെയുള്ളതിൽ ലിവിങ് റൂം ഫർണിച്ചർ വിഭാഗത്തിൽ പെടുത്താവുന്നത്.

A) കോട്ട്

B) ഡ്രെസ്സിങ് ടേബിൾ

C) സോഫാ സെറ്റ്

D) ക്യാബിനറ്റ്

39. MDF ന്റെ പൂർണ്ണ രൂപം.

A) മീഡിയം ഡെൻസിറ്റി ഫോം

B) മാനുഫാച്ചഡ് ഡെൻസിറ്റി ഫിനിഷ്

C) മാനുവൽ ഡിസൈനിങ് ഫാബ്രിക്

D) മീഡിയം ഡെൻസിറ്റി ഫൈബർ

40. സാധാരണയായി പെയിന്റിൽ ചേർക്കാറുള്ള ഒരു 'ബെയ്സ്' ആണിത്.

A) റെഡ് ലെഡ്ഡ് B) തിന്നർ C) ബെൻസീൻ D) സ്പിരിറ്റ്

41. ഗ്രേഡ് നമ്പർ 240 മുതൽ 320 വരെയുള്ള സാൻഡ് പേപ്പർ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു ?

A) കോഴ്സ് ഗ്രിറ്റ് B) മീഡിയം ഗ്രിറ്റ്

C) വെരി ഫൈൻ ഗ്രിറ്റ് D) ഫൈൻ ഗ്രിറ്റ്

42. കൊളാബ്സിബിൾ കാർപെന്റർ റൂളിനു പറയുന്ന മറ്റൊരു പേര്.

A) സിഗ് സാഗ് റൂൾ B) കോമ്പിനേഷൻ റൂൾ

C) ഫോൾഡിങ്ങ് റൂൾ D) സ്റ്റീൽ റൂൾ

43. __________ എന്നത്, ഒരു മരത്തിന്റെ ഭൗതിക സവിശേഷതകളിൽ ഒന്നാണ്.

A) ഹാർഡ്നെസ്സ് B) കളർ

C) ഡെൻസിറ്റി D) ഇലാസ്റ്റികത

44. ലെഡ്ജഡ് ഡോറുകളിൽ സാധാരണയായി നൽകിവരുന്ന ഹിൻജ് അഥവാ വിജാഗിരി ഏത് ?

A) ഹൂക്ക് ഹിൻജ് B) പിവട്ട് ഹിൻജ്

C) സ്ട്രാപ്പ് ഹിൻജ് D) പാർലിമെന്റ് ഹിൻജ്

45. സ്ക്രൂവിനെ തരം തിരിക്കുന്നത് അവയുടെ __________ നെ ആശ്രയിച്ചാണ്.

A) ത്രെഡ് B) ടെയിൽ C) ഷാങ്ക് D) ഹെഡ്ഡ്

46. ഏത് ഗേജിന്റെ സ്റ്റെമ്മിനാണ് നീളം കൂടുതൽ ഉള്ളത് ?

A) മാർക്കിംഗ് ഗേജ് B) കട്ടിംഗ് ഗേജ്

C) പാനൽ ഗേജ് D) ബട്ട് ഗേജ്

47. ട്രാമൽ പോയന്റിലെ സ്ലൈഡിംഗ് ഭാഗത്തിനെ ശരിയായി ഉറപ്പിച്ചു നിർത്തുവാൻ ഉപയോഗിക്കുന്ന ഭാഗം ഏതാണ് ?

A) ബാറ്റൺ B) നൾട് സ്ക്രൂ C) പോയിന്റ് D) ഹോൾഡർ

48. ഒരു സ്റ്റീൽ റൂൾ ഉപയോഗിച്ച് അളക്കാവുന്ന ഏറ്റവും സൂക്ഷ്മമായ അളവ് എത്രയാണ് ?

A) 1/32 ഇഞ്ച് B) 1/16 ഇഞ്ച് C) 1/64 ഇഞ്ച് D) 1/8 ഇഞ്ച്

49. ഫോൾഡിംഗ് റൂളിന്റെ അഗ്രഭാഗം ഇളകി പോകാതെയും, തേഞ്ഞ് പോകാതെയും സംരക്ഷിക്കുന്നത് എന്താണ് ?

A) പ്ലാസ്റ്റിക് ക്ലിപ്പ് B) ലോഹ ക്ലിപ്പ് C) നൂൽ D) റബ്ബർ ക്ലിപ്പ്

50. തടി കൊണ്ട് നിർമ്മിച്ചിരിക്കുന്ന ട്രൈ സ്ക്വയറിൽ അതിന്റെ സ്റ്റോക്ക്, ബ്ലേഡ് എന്നിവ തമ്മിൽ ബലപ്പെടുത്തുവാൻ എന്ത് ഉപയോഗിക്കുന്നു ?

A) റിവറ്റ് B) സ്ക്രൂ C) ബ്രേയ്സ് D) ബോൾട്ട്

51. ഒരു ടെനൻ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന വാളിന്റെ ആകൃതി ഏതാണ് ?

A) അഗ്രഭാഗം കൂർത്തത്
B) ചതുരം
C) കൈപിടിയുടെ ഭാഗം വീതി കൂടിയത്
D) ദീർഘ ചതുരം

52. ഒരു കൈവാൾ മൂർച്ച കൂട്ടുന്ന പ്രവർത്തനത്തിൽ അവയുടെ പല്ലുകൾ ഒരേ നിരപ്പിൽ ആക്കിയതിന് ശേഷം ചെയ്യുന്ന പ്രവർത്തിയുടെ പേര് എന്താണ് ?

A) പല്ലുകൾ പഴയ ആകൃതിയിൽ ആക്കുന്നു
B) അവ മൂർച്ച കൂട്ടുന്നു
C) പല്ലുകൾ ഇരു ഭാഗങ്ങളിലേക്കും വളയ്ക്കുന്നു
D) കല്ല് ഉപയോഗിച്ച് ഇരുവശങ്ങളും ഉരക്കുന്നു

53. 6 mm മുതൽ 12 mm വരെ വ്യാസം ഉള്ള ദ്വാരം നിർമ്മിക്കുന്നതിന് താഴെ പറയുന്നവയിൽ ഏത് ഉപയോഗിക്കുന്നു ?

A) കൺട്രി ഡ്രിൽ
B) ബ്രെസ്റ്റ് ഡ്രിൽ
C) ഹാൻഡ് ഡ്രിൽ
D) ബ്രേയ്സ്

54. ഒരു സ്ക്രൂവിന്റെ തലഭാഗം തടിയുടെ പ്രതലത്തിൽ നിന്നും താഴ്ത്തി വയ്ക്കുന്നതിന് ദ്വാരത്തിന്റെ മുകൾഭാഗം വലുതാക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്നത് എന്താണ് ?

A) ഡവൽ ബിറ്റ്
B) കോബ്ര ബിറ്റ്
C) കൗണ്ടർ സിങ്ക് ബിറ്റ്
D) എക്സ്പാഷൻ ബിറ്റ്

55. തടിയുടെ പ്രതലത്തിൽ പശ ഉപയോഗിക്കുന്ന അവസരങ്ങളിൽ പ്രതലം പരുക്കൻ ആക്കുന്നതിന് ഉപയോഗിക്കുന്ന ചിന്തേര് ഉളിയുടെ കോൺ എത്രയാണ് ?

A) 70-80 B) 30 C) 45 D) 60-70

56. വൈൻഡിംഗ് സ്ട്രിപ്പ് ഉപയോഗിച്ച് തടിയുടെ പ്രതലത്തിന്റെ നിരപ്പില്ലായ്മ പരിശോധിക്കുമ്പോൾ അവയുടെ മുകൾ ഭാഗം സമാന്തരം ആണെങ്കിൽ അതിൽ നിന്ന് എന്ത് മനസ്സിലാക്കാം ?

A) പ്രതലം നേരെ അല്ല
B) പ്രതലത്തിന് കേട് ഉണ്ട്
C) പ്രതലത്തിന്റെ നിരപ്പ് കേട് മാറി
D) പ്രതലത്തിന് പിരിവുകൾ ഉണ്ട്

57. തടിപ്പണിക്കാർ ഉപയോഗിക്കുന്ന ബഞ്ചിൻ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും, അവ ഉരുണ്ട് നിലത്ത് പോകാതെയും വേണ്ടി മധ്യഭാഗത്തുള്ള പലക കനം കുറച്ചാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിനെ എന്ത് പേരിൽ അറിയപ്പെടുന്നു ?

A) ബഞ്ച് ഹുക്ക്
B) ടൂൾ വെൽ
C) ബഞ്ച് സ്റ്റോപ്പ്
D) സ്വിവൽ റെസ്റ്റ്

58. രണ്ട് തടി കഷ്ണങ്ങൾ കൊണ്ട് നിർമ്മിച്ചതും മൂന്ന് കട്ടിംഗ് ആംഗിൾ ഉള്ളതുമായ ഉപകരണത്തിന്റെ പേര് എന്താണ് ?

A) ഷൂട്ടിംഗ് ബോർഡ്
B) മൈറ്റർ ബോക്സ്
C) മൈറ്റർ ബ്ലോക്ക്
D) പ്ലയിനിംഗ് ട്രഫ്

59. ആണി അടിക്കുവാൻ ഉപയോഗിക്കുന്ന ചുറ്റികയുടെ ആണിയിൽ അടിക്കുന്ന ഭാഗം ഏതാണ് ?

A) തലഭാഗം
B) കൈപിടി
C) ഉരുണ്ട ഭാഗം
D) മുഖഭാഗം

60. തടിപ്പണിക്കാർ ഉപയോഗിക്കുന്ന ഉളിയുടെ കൈപിടിയുടെ മുറിപ്പ് വശം ഏത് ആകൃതിയിൽ ആയിരിക്കും ?

A) വൃത്തം
B) ചതുരം
C) അഷ്ടഭുജം
D) ഷട്ഭുജം

61. തടി കഷ്ണങ്ങളുടെ അരിക്‌വശങ്ങൾ ചേർത്ത് വച്ചുകൊണ്ട് അവയുടെ വീതി വർദ്ധിപ്പിക്കുന്ന കൂട്ടിച്ചേർക്കലുകൾ താഴെപ്പറയുന്നവയിൽ ഏത് വിഭാഗത്തിൽ വരുന്നു ?

A) ബട്ട് ജോയിന്റ്
B) വൈഡനിംഗ് ജോയിന്റ്
C) റിബേറ്റ് ജോയിന്റ്
D) ഗ്രൂവ്ഡ് ജോയിന്റ്

62. തടി കഷ്ണത്തിന്റെ കനത്തിനെ രണ്ടായി ഭാഗിച്ച് നിശ്ചിത പ്രതലത്തിൽ ഉള്ള കൂട്ടിച്ചേർക്കാൻ ഉപയോഗിക്കുന്ന ഭാഗം മുറിച്ചു കളയുകയും, അവയുടെ നല്ല പ്രതലങ്ങൾ ചേർന്നു വരുന്ന രീതിയിൽ ഉണ്ടാക്കുന്ന ജോയിന്റ് ഏതാണ് ?

A) ഫ്രെയ്മിംഗ് ജോയിന്റ്
B) ഡവൽ ജോയിന്റ്
C) ഫുൾലാപ് ജോയിന്റ്
D) ഹാഫ് ലാപ് ജോയിന്റ്

63. ഒരു ഡബിൾ ടെനൻ മോർട്ടിസ് ജോയിന്റ് ഏത് അവസരത്തിൽ ആണ് ഉപയോഗിക്കുന്നത് ?
A) റെയിലിന്റെ കനം കൂടുമ്പോൾ
B) ടെനൻ ഭാഗത്തിന്റെ വീതി അതിന്റെ കനത്തിന്റെ 6 മടങ്ങ് കൂടുമ്പോൾ
C) അലമാരകളുടെ പലകകൾ ജോയിന്റ് ചെയ്യുന്നതിന്
D) മേശ വലിപ്പുകൾ ഉണ്ടാക്കുന്നതിന് വേണ്ടി

64. സ്റ്റബ് ടെനൻ ജോയിന്റ് ഉണ്ടാക്കുമ്പോൾ ടെനൻ കയറുന്നതിനുള്ള മോർട്ടിസിന്റെ ആഴം എത്രയാണ് ?
A) ലംബമായി വരുന്ന തടിയുടെ വീതിയുടെ 2/3 ഭാഗം
B) ലംബമായി വരുന്ന തടിയുടെ വീതിയുടെ 1/2 ഭാഗം
C) തിരശ്ചീനമായി വരുന്ന തടിയുടെ 2/3 ഭാഗം
D) തിരശ്ചീനമായി വരുന്ന തടിയുടെ 1/2 ഭാഗം

65. ചെറിയ മേശകളുടെ കാലുകൾ തമ്മിൽ ബന്ധിപ്പിക്കുവാൻ തടിയിൽ ടെനൻ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന കഷ്ണത്തിന് കനം കുറവായിരിക്കുമ്പോൾ അവിടെ ഏത് ജോയിന്റ് ഉപയോഗിക്കുന്നു ?
A) ഡവ്ടെയിൽ ഹാൾവിംഗ് ജോയിന്റ്
B) സ്റ്റബ് ടെനൻ ജോയിന്റ്
C) ബെയർ ഫേസ്ഡ് ടെനൻ ജോയിന്റ്
D) കോബാണ്ട് ടെനൻ ജോയിന്റ്

66. ഷെൽഫുകൾ, കാബിനറ്റുകൾ എന്നിവ നിർമ്മിക്കുന്നതിനും, ഏണിപ്പടിയുടെ ചവിട്ടുന്ന ഭാഗം അവയുടെ വശത്ത് ഉള്ള തടി കഷ്ണങ്ങളിൽ ഉറപ്പിക്കുന്നതിനും ഉപയോഗിക്കുന്നത് ഏത് ജോയിന്റ് ആണ് ?
A) ഡവ് ടെയിൽ ജോയിന്റ്
B) മോർട്ടിസ് ജോയിന്റ്
C) ടസ്ക് ടെനൻ ജോയിന്റ്
D) ഹൗസിംഗ് ജോയിന്റ്

67. ഒരു മോർട്ടിസ് ടെനൻ ജോയിന്റിന് പകരം ആയി ഉപയോഗിക്കാവുന്നത് താഴെപ്പറയുന്നവയിൽ ഏതാണ് ?
A) ഹാഫ് ലാപ്പ് ജോയിന്റ്
B) ഹാൾവിംഗ് ജോയിന്റ്
C) ബ്രിഡിൽ ജോയിന്റ്
D) മൈറ്റർ ജോയിന്റ്

68. രണ്ട് മര പലകകളുടെ അരിക് വശം മരയാണികൾ ഉപയോഗിച്ച് കൂട്ടിച്ചേർത്ത് വീതി കൂട്ടുമ്പോൾ മരയാണികളുടെ വ്യാസം എത്ര ആയിരിക്കും ?
A) പലകയുടെ കനത്തിന്റെ 1/3 മുതൽ 1/2 വരെ
B) പലകയുടെ കനത്തിന്റെ 2/3 മുതൽ 3/4 വരെ
C) പലകയുടെ കനത്തിന്റെ 1/4 ഭാഗം
D) പലകയുടെ കനത്തിന്റെ 1/2 ഭാഗം

69. ആഭരണപ്പെട്ടികൾ, ഉയർന്ന മൂല്യമുള്ള ഗൃഹ ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് താഴെപ്പറയുന്നവയിൽ ഏത് ജോയിന്റ് ഉപയോഗിക്കുന്നു ?

A) ലാപ് ഡവ്ടെയിൽ ജോയിന്റ്
B) സിംഗിൾ ഡവ്ടെയിൽ ജോയിന്റ്
C) സീക്രട്ട് ഡവ് ടെയിൽ ജോയിന്റ്
D) ബട്ട് ജോയിന്റ്

70. അലമാരകൾ നിർമ്മിക്കുമ്പോൾ ഡവ്ടെയിൽ ജോയിന്റുകൾ ഉപയോഗിക്കാൻ കാരണം എന്താണ് ?

A) എളുപ്പത്തിൽ നിർമ്മിക്കാം
B) ബലം കൂടുതൽ ഉള്ളതുകൊണ്ട്
C) വലിയ അളവിൽ നിർമ്മിക്കാം
D) കൈമാറ്റം എളുപ്പത്തിൽ നടക്കുന്നത് കൊണ്ട്

71. ചെറിയ മേശ നിർമ്മിക്കുമ്പാൾ അതിന്റെ കാലുകളുടെ മുകൾ വശങ്ങൾ തമ്മിൽ കൂട്ടിച്ചേർക്കുന്നതിന് ഏത് ജോയിന്റ് ഉപയോഗിക്കുന്നു ?

A) ബ്രിഡിൽ ജോയിന്റ്
B) ഡവ്ടെയിൽ ജോയിന്റ്
C) ഹോഞ്ച്ഡ് ടെനൻ ജോയിന്റ്
D) ഡബിൾ ടെനൻ ജോയിന്റ്

72. തടി കഷ്ണങ്ങളുടെ അഗ്ര ഭാഗങ്ങൾ ചേർത്ത്വച്ച് അവയുടെ നീളം കൂട്ടിയെടുക്കുന്ന അവസരത്തിൽ ജോയിന്റിന്റെ നീളം കണക്കാക്കുന്നത് ഏത് അളവ് ഉപയോഗിച്ചാണ് ?

A) കനത്തിന്റെ 1-2 മടങ്ങ്
B) കനത്തിന്റെ 2-3 മടങ്ങ്
C) കനത്തിന്റെ 4-5 മടങ്ങ്
D) കനത്തിന്റെ 6-7 മടങ്ങ്

73. ബിവൽ സ്കാർഫ് ജോയിന്റിൽ അതിനെ കൂടുതൽ ബലപ്പെടുത്തുന്നതിന് വേണ്ടി എന്ത് മാർഗ്ഗമാണ് സ്വീകരിക്കുന്നത് ?

A) ബോൾട്ട് ഉപയോഗിക്കുന്നു
B) ലോഹ കഷ്ണം ഉപയോഗിക്കുന്നു
C) റിവറ്റ് ഉപയോഗിക്കുന്നു
D) മരകഷ്ണം ഉപയോഗിക്കുന്നു

74. താല്ക്കാലികമായി നിർമ്മിക്കുന്ന ഒരു ഷെഡിനായി വാതിൽ നിർമ്മിക്കുമ്പോൾ അവയുടെ പലകകളുടെ വീതി വർദ്ധിപ്പിക്കുന്നതിനായി ഏത് ജോയിന്റ് ആണ് ഉപയോഗിക്കുന്നത് ?

A) ബട്ട് ജോയിന്റ്
B) റിബേറ്റ് ജോയിന്റ്
C) ഡവൽ ജോയിന്റ്
D) ലാപ് ജോയിന്റ്

75. തടി കൊണ്ടുള്ള മേൽക്കൂരകൾ നിർമ്മിക്കുമ്പോൾ കഴുക്കോലുകളുടെ അടിവശം ഉത്തരവുമായി ബന്ധിപ്പിക്കുവാൻ ഉപയോഗിക്കുന്ന ജോയിന്റ് ഏതാണ് ?

A) ടസ്ക് ടെനൻ ജോയിന്റ്
B) നോച്ച്ഡ് ജോയിന്റ്
C) ബ്രിഡിൽ ജോയിന്റ്
D) ലാപ് ജോയിന്റ്

76. ഏത് തരത്തിലുള്ള മരങ്ങളാണ് ചിത്രവേലകൾക്ക് ഉപയോഗിക്കുന്നത് ?

A) കട്ടിയുള്ള മരങ്ങൾ

B) പിരിവുള്ള നാരുകൾ ഉള്ള മരങ്ങൾ

C) നോട്ട് ഉള്ള മരങ്ങൾ

D) സ്വാഭാവിക നാരുകളോട് കൂടിയ ഭംഗിയുള്ള മരങ്ങൾ

77. കൊത്തുപണികൾക്കായി തടികൾ ഉപയോഗിക്കുന്നതിനുള്ള കാരണം എന്താണ് ?

A) ബലം കൂടുന്നു

B) ഈട് നില്പ് ഉണ്ടാകും

C) വില കുറവാണ്

D) ജോലിക്ക് ഭംഗി ഉണ്ടാകുന്നു

78. തടിയുടെ ഉപരിതലത്തിൽ നിന്ന് തള്ളി നിൽക്കുന്നതും പൂർത്തീകരിക്കുവാൻ ബുദ്ധി മുട്ട് ഉള്ളതുമായ കൊത്തുപണികൾ ഏത് വിഭാഗത്തിൽപ്പെടുന്നു ?

A) മാറ്റിംഗ്

B) റിലീഫ് കാർവിംഗ്

C) പഞ്ചിംഗ്

D) ചിപ്പ് കാർവിംഗ്

79. ചിത്ര വേലകൾക്കായി പൊഴികൾ ഉണ്ടാക്കുമ്പോൾ അതിന് സഹായിക്കുന്ന ഉപകരണം ഏതാണ് ?

A) സ്ക്രാച്ച്

B) മോർട്ടീസ് ചിസൽ

C) ഗൗജ് ചിസൽ

D) ഫ്ലാറ്റ് ചിസൽ

80. കനം കുറഞ്ഞ തടി പലകകളിൽ ചിത്രവേലകൾ ചെയ്ത് കട്ടിയുള്ള തടികളിലേക്ക് അവയെ ചേർത്ത് വയ്ക്കുന്ന രീതിയുടെ പേരെന്താണ് ?

A) ചിപ്പ് കാർവിംഗ്

B) ഇൻലേയിംഗ്

C) മാറ്റിംഗ്

D) റിലീഫ് കാർവിംഗ്

81. സാൻഡ് പേപ്പർ ഉപയോഗിക്കുന്നത് എപ്പോൾ ആണ് ?

A) പൊടികൾ നീക്കം ചെയ്യുവാൻ

B) ഉയർന്ന് നിൽക്കുന്ന ആരുകൾ നീക്കം ചെയ്യുവാൻ

C) തടിയുടെ അരിക്വശം മിനുസപ്പെടുത്തുവാൻ

D) ഫിനിഷിംഗ് വർക്കിന് പകരമായി ഉപയോഗിക്കുന്നു

82. പോളിഷ് ജോലികളിൽ സ്റ്റെയിൻ ഉപയോഗിക്കുന്നത് കൊണ്ടുള്ള നേട്ടം എന്താണ് ?

A) ഒരേ നിറം ആക്കുന്നു

B) ഈട് നില്പ് കൂട്ടുന്നു

C) കീടങ്ങൾക്ക് എതിരെ പ്രവർത്തിക്കുന്നു

D) നല്ല ഭംഗി ഉണ്ടാക്കുന്നു

83. ബെൻസിൻ ഉപയോഗിക്കുന്നത് എന്തിനാണ് ?

A) ഭംഗി കൂട്ടുന്നതിന്

B) തുരുമ്പ് കളയുന്നതിന്

C) എണ്ണയും, ഗ്രീസും നീക്കം ചെയ്യുന്നതിന്

D) വേഗത്തിൽ ഉണങ്ങുന്നതിന്

84. പോളിഷ് ജോലികളിൽ ഉപയോഗിക്കുന്ന സ്ക്രാപ്പറിന്റെ അളവ് എത്രയാണ് ?

A) 150 × 50 × 1 mm

B) 200 × 50 × 1 mm

C) 100 × 50 × 1 mm

D) 75 × 50 × 1 mm

85. താഴെപ്പറയുന്നവയിൽ ഏത് ഘടകം ആണ് ഫ്രഞ്ച് പോളിഷിന്റെ ഘടകം അല്ലാത്തത് ?

A) ഷെല്ലാക്ക്

B) റെസിൻ

C) ബെൻസോയിൻ

D) പുട്ടി

86. പോളിഷ് ചെയ്യുമ്പോൾ ആദ്യത്തെയും, രണ്ടാമത്തെയും പ്രവർത്തന രീതി ഏത് ദിശയിൽ ആയിരിക്കണം ?

A) ആരുകൾക്ക് നേരെ

B) ആരുകൾക്ക് കുറുകെ

C) വൃത്താകൃതിയിൽ

D) കോൺ ആകൃതിയിൽ

87. മര ഉരുപ്പടികൾ പെയിന്റ്, വാർണിഷ്, പോളിഷ് എന്നിവ ചെയ്യുന്നതിന് മുൻപായി അവയുടെ പ്രതലം മിനുസപ്പെടുത്തുന്നതിന് വേണ്ടി ഉപയോഗിക്കുന്നത് എന്താണ് ?

A) സാൻഡ് പേപ്പർ

B) ഡിസ്ക് സാൻഡർ

C) ഓർബിറ്റൽ സാൻഡർ

D) ബെൽറ്റ് സാൻഡർ

88. പരുക്കനായ പ്രതലം ഉള്ള ഒരു സാൻഡ് പേപ്പറിന്റെ ഗ്രേഡുകൾ എത്ര ആയിരിക്കും ?

A) 36, 40, 60
B) 80, 100, 120
C) 150, 200, 220
D) 240, 280, 320

89. തടികൊണ്ടുള്ള വസ്തുക്കളുടെ പ്രതലങ്ങളിൽ ഉള്ള ചെറിയ ദ്വാരങ്ങൾ, വിള്ളലുകൾ എന്നിവ തടിയുടെ നിറവുമായി ബന്ധപ്പെട്ട് അടയ്ക്കുന്ന രീതിയെ എന്ത് പേരാണ് വിളിക്കുന്നത് ?

A) സാൻഡിംഗ്
B) സ്റ്റോപ്പിംഗ്
C) സ്ക്രേപ്പിംഗ്
D) പോളിഷിംഗ്

90. പഴയ തടി ഉരുപ്പടികൾ വീണ്ടും പോളിഷ് ചെയ്യുമ്പോൾ ആദ്യത്തെ തവണ ചെയ്യുന്ന ഉരക്കൽ പ്രവർത്തി എങ്ങനെ ആയിരിക്കും ?

A) വലിയ മർദ്ദത്തിൽ
B) വൃത്താകൃതിയിൽ
C) ചെറിയ മർദ്ദത്തിൽ
D) ആരുകൾക്ക് കുറുകെ

91. ബാൻഡ് സോ മെഷീനിൽ അവയുടെ ചക്രങ്ങൾ എളുപ്പത്തിൽ കറങ്ങുന്നതിനായി എന്താണ് ഘടിപ്പിച്ചിരിക്കുന്നത് ?

A) സ്പ്ലിറ്റ് ബിയറിംഗ്
B) ബാൾ ബിയറിംഗ്
C) സോളിഡ് ബിയറിംഗ്
D) ബുഷ് ബിയറിംഗ്

92. തടിയുടെ പ്രതലം നേരെയാക്കാൻ ഉപയോഗിക്കുന്ന യന്ത്ര ഉപകരണത്തിൽ എത്ര കത്തികൾ ഉണ്ടായിരിക്കും ?

A) 3 മുതൽ 5 വരെ
B) 2 മുതൽ 5 വരെ
C) 2 മുതൽ 4 വരെ
D) 2 മുതൽ 3 വരെ

93. ഒരു സർക്കുലർ സോ യന്ത്രത്തിൽ തടികൾ മുറിക്കുമ്പോൾ തടിയുടെ ഉപരിതലത്തിൽ നിന്ന് എത്ര അളവാണ് അതിന്റെ പൊങ്ങി നിൽക്കേണ്ടത് ?

A) 6 mm
B) 10 mm
C) 8 mm
D) 5 mm

94. കടച്ചിൽ യന്ത്രത്തിന്റെ ഏത് ഭാഗമാണ് തടിയെ കറങ്ങുവാൻ സഹായിക്കുന്നത് ?

A) ലൈവ് സെന്റർ
B) കപ്പ് സെന്റർ
C) ടെയിൽ സ്റ്റോക്ക്
D) ഹെഡ് സ്റ്റോക്ക്

95. മോർട്ടിസ് ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന യന്ത്രത്തിൽ മര കഷ്ണത്തിനെ ഉറപ്പിച്ച് നിർത്തുവാൻ ഉപയോഗിക്കുന്ന ഭാഗം ഏതാണ് ?

A) ഫെൻസ് B) ചക്ക് C) വൈസ് D) ടേബിൾ

96. തടി കഷ്ണത്തിനെ ശരിയായ കനം, വീതി എന്നിവ ആക്കി എടുക്കുന്ന യന്ത്രത്തിന്റെ പ്രവർത്തന തത്വങ്ങളോട് കൂടിയ ഏത് യന്ത്രം ആണ് അതിന്റെ ഉപരിതലം മിനുസ്സപ്പെടുത്താൻ ഉപയോഗിക്കുന്നത് ?

A) ഡ്രം സാൻഡർ
B) സ്പിൻഡിൽ സാൻഡർ
C) ഡിസ്ക് സാൻഡർ
D) ഓർബിറ്റൽ സാൻഡർ

97. ബാൻഡ് സോ മെഷീനിൽ തടി അല്ലെങ്കിൽ അലുമിനിയം കൊണ്ട് നിർമ്മിച്ചിരിക്കുന്ന ഭാഗം ഏതാണ് ?

A) ഗാർഡ്
B) ത്രോട്ട് പ്ലേറ്റ്
C) ഫെൻസ്
D) ടേബിൾ

98. ഒരു കടച്ചിൽ യന്ത്രത്തിൽ ചതുരാകൃതിയിലുള്ള തടിയെ ഉരുണ്ട ആകൃതിയിലേക്ക് മാറ്റുന്നതിന് വേണ്ടി ഏത് ഉളിയാണ് ഉപയോഗിക്കുന്നത് ?

A) റൗണ്ട് നോസ് B) ഫ്ലാറ്റ് C) ഗൗജ് D) പാർട്ടിംഗ്

99. തടിയുടെ പ്രതലം, വശം, കനം, വീതി എന്നിവ ശരിയാക്കുവാൻ ഉപയോഗിക്കുന്ന യന്ത്രത്തിൽ അതിന്റെ കത്തികളിൽ നിന്ന് എത്ര അകലത്തിലാണ് കൈ വിരലുകൾ സൂക്ഷിക്കേണ്ടത് ?

A) 100 mm B) 75 mm C) 80 mm D) 50 mm

100. താഴെപ്പറയുന്നവയിൽ ഏത് പ്രവർത്തിയാണ് ഒരു വട്ടവാൾ യന്ത്രത്തിൽ ചെയ്യാൻ കഴിയാത്തത് ?

A) നാരുകൾക്ക് നേരെ മുറിക്കുന്നത്
B) നാരുകൾക്ക് കുറുകെ മുറിക്കുന്നത്
C) നാരുകൾക്ക് നേരെ പൊഴി എടുക്കുന്നത്
D) അകത്തുള്ള വളവുകൾ മുറിക്കുന്നത്